**വെള്ളിയാഴ്ച ഖുതുബ**

**ഹസ്രത്ത് അമൂറുൽ മുഅ്മിനീൻ മുഹ്‌യിദ്ദീൻ**

**മുനീർ അഹ്മദ് അസീം (അ)**

**10 ആഗസ്റ്റ് 2012**

**(21 റമദാൻ 1433 ഹിജ്‌രി)**

**FRIDAY SERMON**

**Hazrat Ameerul - Mumineen - Muhiyiddin**

**Munir Ahmad Azim (A)**

**10th August 2012**

**(21 Ramadan 1433 Hijiri)**

## [വെള്ളിയാഴ്ച ഖുതുബാ സംക്ഷിപ്തം]

ലോകമെമ്പാടുമുള്ള മുസ്ലിംകളെ-വിശിഷ്യാ തന്റെ അനുയായികളെ സമാധാനാഭിവാദ്യങ്ങളാൽ സ്വാഗതം ചെയ്ത് ഹസ്രത്ത് മുഹ്‌യ്ദ്ദീൻ (അ) തശഹുദും, തഅവസും സൂറാ ഫാതിഹയും ഓതി ഇപ്രകാരം പറഞ്ഞു തുടങ്ങി :-

'ബിസ്മില്ലാഹി റഹ്മാനി-ർ-റഹീം : ഇന്നാ അൻസൽനാഹു ഫീ ലെയ്‌ലത്തുൽ ഖദ്ർ; വമാ അദ്റാഖ മാ ലെയ്‌ലത്തുൽ ഖദ്ർ, ലെയ്‌ലത്തുൽ ഖദ്‌രി ഖയ്റുൽ മിൻ അൽഫി ശഹ്ർ ; തനസലുൽ മലായ്ഖത്തു വർറൂഹും ഫീഹാ ബി ഇദ്നി റബ്ബിഹിം മിൻ കുല്ലി അംർ. സലാമുൻ ഹിയ ഹത്താമത്‌ലഉൽ ഫജ്ർ.(97:1-6) ''പരമകാരുണികനും, കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ സത്യമായും നാം ഇതിനെ (ഖുർആനെ) നിർണയരാവിൽ അവതരിപ്പിച്ചിരിക്കുന്നു. നിർണയ രാവ് എന്തെന്ന് നിനക്ക് എന്തറിയാം?

നിർണയരാവ് ആയിരം മാസത്തേക്കാൾ ഉത്തമം ആകുന്നു. അതിൽ മലഖുകളും, ആ പരിപൂർണാത്മാവും തങ്ങളുടെ നാഥന്റെ അനുമതിയോടെ സകലകല്പനകളും കൊണ്ട് ഇറങ്ങുന്നതാണ്. അത് (തികച്ചും) സമാധാനമാകുന്നു. പ്രഭാതോദയം വരെ.'' അൽഖദ്ർ (അധ്യായം 97) എന്ന ഖുർആനിലെ ഈ അധ്യായം വെളിവാക്കുന്നത്, വി.ഖുർആൻ അവതരിപ്പിക്കപ്പെട്ട സമയം (കാലയളവ്) അനുഗ്രഹത്തിന്റേയും, ആരാധനാ കർമ്മങ്ങൾക്കും, നല്ല പ്രവൃത്തികൾക്കും, ഇസ്ലാമികോന്നമനത്തിനായി ചെയ്യുന്ന മറ്റു പ്രയത്നങ്ങൾക്കും മറ്റൊരിക്കലും ലഭിക്കാത്തത്ര വമ്പിച്ച പ്രതിഫലം ലഭിക്കുകയും ചെയ്യുന്ന നാളുകളാണ് എന്നാണ്. 'അൻസൽനാഹു'' എന്ന (നാം ഇതവതരിപ്പിച്ചു.) എന്ന പദത്തിലെ 'ഹു' എന്ന (ഇത്) സർവ്വനാമം ലെയ്‌ലത്തുൽ ഖദ്ർ-ൽ വി.ഖുർആൻ വെളിപ്പെടുത്തിയതിനെ സൂചിപ്പിക്കുന്നു.

വി.ഖുർആനിൽ വിവിധ സ്ഥലങ്ങളിൽ ഇതു സംബന്ധമായ സൂചനകളുണ്ട്. 'ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാണ് റമദാൻ:' (2:186) ഇതിൽ നിന്നും വിവക്ഷിതമാകുന്നത് ലെയ്‌ലത്തുൽഖദ്ർ റമദാനിലാണെന്നാണ്. തിരുനബി (സ) യുടെ അഭിപ്രായ പ്രകാരം റമദാനിലെ അവസാന പത്തിലെ ഒറ്റ രാത്രികളിലൊന്നായിരിക്കും. അതായത്, 21, 23, 25, 27 അല്ലെങ്കിൽ 29 ലോ ആകാം. ഈ രാത്രിയെ ലെയ്‌ലത്തുൽഖദ്ർ എന്നാണ് വിളിയ്ക്കപ്പെടുന്നത് കാരണം അത്രയേറെ മഹത്തരവും, ഔന്നത്യമേറിയതുമായ ഒന്നാണ് അത് എന്നതു തന്നെ ഓരോ വിശ്വാസിയും അങ്ങേയറ്റം ആദരവോടെയും, ഭയഭക്തി ബഹുമാനത്തോടെയും വേണം ഈ രാത്രിയെ കാണേണ്ടത്. മാനവരാശിക്ക്, താരതമ്യം ചെയ്യാനാവാത്തതും, അസാധാരണവുമായ അമൂല്യസമ്മാനമായി ലഭിച്ച വി.ഖുർ ആൻ അവതരിക്കപ്പെട്ട രാത്രിയായ ലെയ്‌ലത്തുൽ ഖദ്ർ അങ്ങേയറ്റത്തെ ഭയഭക്ത്യാദരവോടെ വീക്ഷിക്കപ്പെടേണ്ട ഒന്നാണെന്നത് നിസ്തർക്കം പറയേണ്ടതു തന്നെ.

ഈ രാത്രിക്ക് ഇത്രയേറെ മഹാത്മ്യം ലഭിച്ചത് വി.ഖുർ ആൻ അവതരിപ്പിക്കപ്പെട്ടത് ഈ രാത്രിയിലാണ് എന്നതിനാലാണ്. അതു പോലെ തന്നെ വി.ഖുർ ആൻ അവതരിപ്പിക്കപ്പെട്ട രാവ് എന്ന ഓർമ്മപ്പെടുത്തൽ തന്നെയാണ് ഈ രാത്രിക്ക് അനുഗ്രഹങ്ങളുടേയും രാവ് എന്ന പദവി നൽകിയത്. ആയതിനാൽ ഓരോ വർഷവും ഈ രാവ് കടന്നുവരുമ്പോൾ അല്ലാഹു അവന്റെ ഔദാര്യത്തിന്റേയും അനുഗ്രഹത്തിന്റേയും വിശാലവാതായനങ്ങൾ തന്റെ ഭക്തദാസർക്കായി മലർക്കെ തുറന്നിടുന്നു. വളരെ വർഷങ്ങൾക്കു മുമ്പ് അനശ്വരവും പവിത്രവുമായ ഒരു ഗ്രന്ഥം അവതരിപ്പിക്കപ്പെട്ടതിന്റെ സ്മരണ പുതുക്കൽ മാത്രമല്ല, മറിച്ച് ആ രാത്രിയിൽ വി.ഖുർ ആൻ ആദ്യമായി അവതീർണ്ണമായപ്പോൾ ഉണ്ടായ അല്ലാഹുവിന്റെ അനുഗ്രഹകടാക്ഷമാകുന്ന നീരുറവ അവന്റെ ഭക്തദാസരിലേക്ക് എങ്ങനെ ഒഴുകിയിറങ്ങിയോ, അത് ഒരു മാറ്റവും കൂടാതെ ഓരോ വർഷവും ഇതേ രാവിൽ ഓരോ ഭക്തദാസനുവേണ്ടിയും പെയ്തിറങ്ങിക്കൊണ്ടിരിക്കുകയാണ്. അല്ലാഹുവിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുന്ന ഏതൊരു വിശ്വാസിയുടേയും ഹൃദയത്തിലേക്ക് അല്ലാഹു ഈ രാവിൽ, അവന്റെ അനുഗ്രഹ

ത്തിന്റേയും കാരുണ്യത്തിന്റേയും നീർചാലുകൾ അനസ്യൂതം ഒഴുക്കിവിടുന്നു. വി.ഖുർആൻ ഗ്രന്ഥരൂപേണ മാത്രം അവശേഷിക്കുകയും, അതിലെ അധ്യാപനങ്ങൾ കാറ്റിൽ പറത്തിയുള്ള ജീവിതചര്യ പിന്തുടരുകയും ചെയ്യുന്ന കാലഘട്ടത്തിൽ, ഇസ്‌ലാമിനെയും, ഇസ്‌ലാമികാധ്യാപനങ്ങളെയും പുനരുദ്ധരിക്കുവാനായി, പ്രവാചകതിരുമേനി (സ)യുടെ കാലടികൾ പിന്തുടർന്ന് വരുന്ന ഒരു ദൂതനെ അല്ലാഹു തെരഞ്ഞെടുത്തിരിക്കുന്ന കാലഘട്ടത്തിൽ, അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ശതഗുണീഭവിച്ചാണ് ഉണ്ടാവുക. ഇത് വെറും സിദ്ധാന്തമല്ല. മറിച്ച് യാഥാർത്ഥ്യമാണ്. നിർണ്ണയരാവിൽ അത്തരം അനുഗൃഹീതനിമിഷങ്ങൾ ഉണ്ടാകുന്നു. ചുരുക്കത്തിൽ ആ അനുഗ്രഹങ്ങൾക്കു സാക്ഷിയാവുന്ന ഖലീഫത്തുല്ലായുടെ ജീവിതം തന്നെ ഒരു നിർണ്ണയ രാവായി (അനുഗ്രഹങ്ങളുടെ തീരുവ വറ്റാത്ത ഒന്നായി) മാറുന്നു. കാരണം ആ വ്യക്തി ജീവിച്ചിരിക്കുന്നിടത്തോളം കാലം മലഖുകൾ അദ്ദേഹത്തോടൊപ്പം ഉണ്ടാവുകയും, അല്ലാഹുവിൽ നിന്നുള്ള വെളിപാടുകൾ അദ്ദേഹത്തിന് അറിയിച്ചു കൊടുക്കുകയും ചെയ്യുന്നു.

നിർണ്ണയരാവിൽ (ലൈലത്തുൽ ഖദ്ർ) വി.ഖുർ ആൻ മുഴുവനായി വെളിപ്പെട്ടു എന്നതിനെ എതിർക്കുന്ന ഒരു കൂട്ടം ആളുകൾ ഉണ്ട്. അതിനുള്ള മറുപടി ഇത്രമാത്രമാണ്. ഖുർ ആൻ എന്ന പദം ഖുർ-ആൻ മുഴുവനായോ, അതിലെ ഒരു ഭാഗത്തെ മാത്രമോ, അതുമല്ലെങ്കിൽ ഒരേയൊരു ആയത്തിനെ മാത്രമായോ സൂചിപ്പിക്കാനായി ഉപയോഗിക്കുന്നുണ്ട് എന്ന് നമുക്ക് ഖുർ ആനിലെ 7-ാം അധ്യായം 204-ാം വചനത്തിൽ നിന്നു മനസ്സിലാക്കാം. അതു പറയുന്നു. ഖുർ ആൻ പാരായണം ചെയ്യപ്പെടുന്നത് കേൾക്കുമ്പോൾ ശ്രദ്ധയോടെ കേൾക്കുക (7:204). ഇവിടെ ഖുർ ആൻ പൂർണ്ണമായിട്ടല്ല അർത്ഥമാക്കുന്നത്. മറിച്ച് നമ്മളോടാജ്ഞാപിക്കപ്പെട്ടിരിക്കുന്നത് അതിൽ നിന്നുള്ള ഒരുവരിയോ ഒരു ഭാഗമോ ആണെങ്കിലും ഓതപ്പെടുമ്പോൾ നിങ്ങൾ ശ്രദ്ധിച്ച് കേട്ട് മനസ്സിലാക്കണം എന്നാണ്. അതിൽ നിന്നൊക്കെ മനസ്സിലാകുന്നത് നിർണ്ണയരാവിൽ ഖുർആൻ അവതരിച്ചു എന്നു കേൾക്കുമ്പോൾ, പൂർണ്ണമായ രീതിയിൽ വി.ഖുർ ആൻ ആ രാത്രിയിൽ പാരായണം ചെയ്യപ്പെടണമെന്നില്ല എന്നതുതന്നെ ഞാൻ മുമ്പു പറഞ്ഞപോലെ ഒരു പ്രവാചകന്റെ ജീവിതകാലഘട്ടം ഒരു നിർണ്ണയ രാവാണ് പ്രവാചക പ്രഭുവായ മുഹമ്മദ് നബി (സ) ക്ക് പ്രവാചകത്വപദവി (നബൂവത്ത്) ലഭിച്ച നിമിഷം മുതൽ അദ്ദേഹം ഈ ഭൂമിയിൽ ചെലവഴിച്ച അവസാന നിമിഷം വരെയുള്ള കാലഘട്ടം ഒരു നിർണ്ണയരാവായി കണക്കാക്കാം. അങ്ങനെ വരുമ്പോൾ, വി.ഖുർ ആനിലെ 97-ാം അധ്യായം എടുത്തു കാണിക്കുന്നതുപോലെ ഖുർ ആൻ-ആദ്യ ആയത്തുമുതൽ അവസാനത്തെ ആയത്തുവരെയുള്ളവ- 'ഒരു നിർണ്ണയരാവിൽ' വെളിപ്പെട്ടതാണെന്നു പറയാം. ആയതിനാൽ നബി തിരുമേനി (സ) യുടെ കാലഘട്ടത്തിലെ കേവലം ഒരു രാത്രി മാത്രമല്ല, അദ്ദേഹത്തിന്റെ ജീവിത കാലഘട്ടം മുഴുവൻ തന്നെ ഒരു 'നിർണ്ണയ രാവ്' ആകുന്നു.

ഇനിയിപ്പോൾ, ഒരേയൊരു ആയത്തുമാത്രമാണ് നിർണ്ണയ രാവിൽ വെളിപ്പെട്ടതെങ്കിൽ കൂടി, വി.ഖുർആൻ പൂർണ്ണമായും നിർണ്ണയരാത്രിയിലാണ് അവതരിപ്പിക്കപ്പെട്ടത് എന്നത് സത്യമാണ്. വി.ഖുർആൻ പൂർണ്ണമായി വെളുപാടുരൂപേണ ലഭ്യമാകാൻ 23 സംവത്സരങ്ങൾ എടുക്കുകയുണ്ടായി എന്നത് നിഷേധിക്കാനാകാത്ത ഒരു വസ്തുതയാണ്. അതുതന്നെ പലപല അവസരങ്ങളിലായി, വ്യത്യസ്ഥ സ്ഥലങ്ങളിൽ വച്ചും. ഹസ്രത്ത് മുഹമ്മദ് (സ) അല്ലാഹുവിന്റെ വെറുമൊരു പ്രവാചകനല്ല, മറിച്ച് അല്ലാഹുവിന്റെ ദൂതനും, മാനവകുലത്തിന്റെ മകുടവും, പരിപൂർണ്ണനും ആയിരുന്നു. അങ്ങനെ വരുമ്പോൾ ആദ്യമായി വെളിപാടുരൂപേണ, ഖുർആൻ അദ്ദേഹത്തിന് അവതരിച്ച ആ രാത്രി നിർണ്ണയരാത്രിയും, പിന്നീട് ഇങ്ങോട്ട് നബൂവത്ത് മുതൽ മരണം വരെയുള്ള ജീവിതകാലഘട്ടം (അതായത് 23 വർഷം) ആയിരക്കണക്കിന് അനുഗ്രഹീത മാസങ്ങളേക്കാൾ ആ പുണ്യമുള്ള നിർണ്ണയ രാവിന്റെ പ്രതിനിധാനങ്ങളും ആണ്. അതിനുള്ള കാരണം ഇതു മാത്രമാണ്. ആ നിർണ്ണയരാവിനു മുമ്പ് ഭൂമിയിൽ ഖുർആൻ ഉണ്ടായിരുന്നില്ല. മാനവകുല ശിരോമണിയായ ഹസ്രത്ത് മുഹമ്മദ് നബി (സ)യുടെ ആഗമനത്തോടുകൂടി ഈ കാലഘട്ടം കൂടുതൽ അനുഗ്രഹീതമാവുകയുണ്ടായി. മുഹമ്മദ് നബി (സ) ആത്മാർത്ഥ അനുയായി ആയ ഒരു പ്രവാചകന്റെ ആഗമനമുണ്ടായ ഈ കാലഘട്ടം, വാസ്തവത്തിൽ ഒരു വിശ്വാസിക്ക് തിരുമേനി (സ)യുടെ അന്നത്തെ ആ കാലഘതട്ടത്തിൽ ജീവിക്കുവാനുള്ള ഒരു ഭാഗ്യം ലഭ്യമാകുകയാണ്.

തൊട്ടടുത്ത് വരുന്ന രണ്ട് ആയത്തുകളിൽ ഇതുതന്നെയാണ് സൂചിതമായിരിക്കുന്നത്.

''വമാ അദ് റാക്ക മാ ലൈലത്തുൽ ഖദ്ർ? ലൈല്ത്തുൽ ഖദ്രി ഖൈറും മിൻ അൽഫി - ശ്ശഹ്ര്''

ഒന്നുകൂടി വിശദമാക്കിപ്പറഞ്ഞാൽ, ഒരു മനുഷ്യന്റെ ശരാശരി ആയുസ് 83 വർഷമാണ്. അതായത് ഏതാണ്ട് ആയിരം മാസങ്ങൾ. വി. ഖുർ ആനിൽ പറഞ്ഞിരിക്കുന്ന ഈ ശരാശരി കാലയളവിനേക്കാൾ കൂടുതലോ, കുറവോ കാല

ങ്ങൾ ഒരു വ്യക്തിക്ക് ജീവിത കാലയളവായി ലഭിക്കാവുന്നതാണ്. അങ്ങനെ വരുമ്പോൾ, അല്ലാഹുവിന്റെ ദൂതനെ അംഗീകരിച്ചതു മുഖേന അല്ലാഹുവിനോടുള്ള അടുപ്പവും കാരണമായി ആയിരം മാസങ്ങളുടെ പുണ്യം ആ വ്യക്തിക്ക് കരഗതമാകുന്നു. റമദാനിലെ ലൈലത്തുൽ ഖദ്റിന്റെ അനുഗ്രഹങ്ങൾ മാത്രമല്ല ആ വ്യക്തിക്ക് ലഭ്യമാവുക, മറിച്ച് തന്റെ കാലത്തിലെ ഇമാമിന്റെ കാലഘട്ടത്തിൽ ജീവിക്കുവാനുള്ള പുണ്യവസരവും കൂടിയത്രേ. അല്ലാഹുവിന്റെ പ്രവാചകന്റെ കാലഘട്ടത്തിൽ ജീവിക്കുവാനും, ആ പ്രവാചകനെ തിരിച്ചറിയുവാനും, അദ്ദേഹത്തിൽ ബൈഅത്ത് ചെയ്യുവാനും, തിരുമേനി (സ)യുടെ കാലത്തിലേതുപോലെ ആവിശ്വാസത്തെ മുറുകെ പിടിക്കുവാനും കഴിയുന്ന ഒരു വ്യക്തി എത്ര ഭാഗ്യവാനാണ്? ഒരു യാഥാർത്ഥ സത്യവിശ്വാസിയെ സംബന്ധിച്ച് റമദാൻ അനുഗ്രഹങ്ങളുടെ മാസമാണെങ്കിൽ, അല്ലാഹുവിന്റെ ദൂതന്റെ അനുയായിക്ക് തന്റെ വരുംകാല ജീവിതത്തിലെ ത്യാഗങ്ങളുടെ പ്രതിനിധീകരണം മാത്രമല്ല റമദാൻ, മറിച്ച്, അല്ലാഹു വിനോടും അവന്റെ ദൂതരോടുമുള്ള അവന്റെ ആത്മബന്ധത്തിന്റെ പ്രതിനിധാനം കൂടിയാണ്. അങ്ങനെയുള്ള വ്യക്തിക്ക് അല്ലാഹുവിനോടും, അവന്റെ ദൂതനോടും ഉള്ള ആത്മബന്ധംകൊണ്ട്, അല്ലാഹുവിനു വേണ്ടി അന്നപാനീയങ്ങളും, ഭൗതീകസുഖസൗകര്യങ്ങളും, തന്റെ സമയമോ പദവിയോ എന്തുതന്നെയും ആകട്ടെ, അതെല്ലാം ത്യജിക്കുന്നതിന് ഒരു വൈമനസ്യവും അനുഭവപ്പെടില്ല.

അല്ലാഹുവിന്റെ ദൂതൻ അവതീർണ്ണനായി എന്നറിയപ്പെടാത്ത അവസരങ്ങൾ ആണെങ്കിൽ കൂടി ഒരു വിശ്വാസി ആത്മാർത്ഥ ഹൃദയത്തോടെ അല്ലാഹുവിനെ ആരാധിക്കുകയും, തഖ്വയിൽ അധിഷ്ഠിതമായ കാര്യങ്ങൾ ചെയ്യുകയും ചെയ്യുകയാണെങ്കിൽ, തീർച്ചയായും 'നിർണ്ണയ രാവി'ൽ (ലൈലത്തുൽ ഖദ്റിൽ) ആ വ്യക്തിക്ക് ആയിരം മാസങ്ങളിൽ അവനു ലഭിക്കുമായിരുന്ന അനുഗ്രഹങ്ങളേക്കാൾ ശ്രേഷ്ഠമായ പദവിയും അനുഗ്രഹങ്ങളും ലഭിക്കുന്നതാണ്. ഇവിടെ 'ആയിരം' എന്ന പദം 'ഒരുപാട്, ധാരാളം, എണ്ണമറ്റ' തുടങ്ങിയ അർത്ഥങ്ങളും ഉൾക്കൊള്ളുന്നുണ്ട്. അതായത് പറഞ്ഞിരിക്കുന്ന നിബന്ധനകൾ പൂർത്തിയാക്കുന്ന ഏതൊരു സത്യവിശ്വാസിക്കും എണ്ണമറ്റ അനുഗ്രഹങ്ങൾ അല്ലാഹുവിൽ നിന്നും ലഭിക്കുന്നതായിരിക്കും എന്നതാണ് ഇവിടെ വിവക്ഷിതമാകുന്നത്.

റമദാൻ മാസത്തിൽ, തിരുനബി (സ) അങ്ങേയറ്റം ഉദാരമതിയും ദാനശീലനും ആയിരുന്നുവെന്നും, ഓരോ രാത്രിയിലും വളരെയധികം സമയം പ്രാർത്ഥനകളിൽ മുഴുകുമായിരുന്നുവെന്നും, അതിൽ തന്നെ അവസാനത്തെ പത്തു നാളുകൾ ഈ പ്രാർത്ഥനകൾ അവയുടെ മൂർധന്യത്തിൽ എത്തിയിരുന്നുവെന്നും റിപ്പോർട്ട് ചെയ്തുകാണാവുന്നതാണ്. രാവിന്റെ രണ്ടാം പകുതിയിൽ നബി (സ) 10 റക്കഅത്ത് നമസ്കാരം (2 റക്കഅത്തുകൾ ഒന്നിച്ചു) നിർവ്വഹിക്കുകയും അവസാനം ഒറ്റ റക്കഅത്തായി വിത്ർ നമസ്കാരം കൊണ്ട് പ്രാർത്ഥന അവസാനിപ്പിക്കുകുയം ചെയ്തുപോന്നു.

തിരുനബി (സ) 11 റക് അത്തുള്ള തഹ്ജുദ് നമസ്കാരം പതിവായി അനുഷ്ഠിച്ചിരുന്നു. ഈ നമസ്കാരം ഉറക്കത്തിൽ നിന്ന് ഉണർന്ന ഉടനെ നമസ്കരിക്കുന്നതിനാലാണ് ഇതിന് തഹജുദ് നമസ്കാരം എന്ന പേരുവന്നത്. ഒരു വ്യക്തി രാത്രിയിലുടനീളം ഉണർന്നിരിക്കുകയും നമസ്കാരം അനുഷ്ഠിക്കുകയും ചെയ്തുകൊണ്ടിരുന്നാൽ, ഷരീഅത്ത് (ഇസ്ലാമികനിയമം) നിർവ്വചനം അനുസരിച്ച്, അത് തഹജുദ് നമസ്കാരത്തിന്റെ പരിധിയിൽപെടുന്നില്ല. അതുകൊണ്ടാണ് ഉറക്കമുണർന്നതിനുശേഷം, രാവിന്റെ രണ്ടാം പകുതിയിൽ തിരുനബി (സ) അനുഷ്ഠിച്ചുരുന്ന 11 റക് അത്ത് നമസ്കാരത്തെ തഹജുദ് നമസ്കാരം എന്നറിയപ്പെട്ടത്. വിത്ർ നമസ്കാരവും കൂടി തിരുനബി (സ) ഇതിനോടൊപ്പം ചേർത്താണ് നമസ്കരിച്ചിരുന്നത്. അങ്ങനെയാണ് തഹജുദ് നമസ്കാരം ഒറ്റ സംഖ്യയിൽ അവസാനിക്കുന്നത്. റമദാനിൽ ഈ നമസ്കാരത്തെ തറാവീഹ് നമസ്കാരം എന്നറിയപ്പെടുന്നു. കാരണം ഓരോ രണ്ട് റക് അത്തിനുശേഷവും ഒരു ചെറിയ ഇടവേള അനുവദിയ്ക്കപ്പെട്ടിരിക്കുന്നുണ്ട്. ഈ ഇടവേള ഉള്ളതിനാലാണ് ഇതിന് തറാവീഹ് നമസ്കാരം എന്ന പേരുവന്നത്. ചുരുക്കിപ്പറഞ്ഞാൽ റമദാനിൽ നാമനുഷ്ഠിക്കുന്ന തറാവീഹ് നമസ്കാരം യഥാർത്ഥത്തിൽ തഹജുദ് നമസ്കാരമാണ്. അല്ലാതെ മറ്റേതെങ്കിലും പ്രത്യേക പ്രാർത്ഥനയല്ല. സൗകര്യാർത്ഥം രാവിന്റെ ആദ്യയാമത്തിൽ അനുഷ്ഠിക്കുന്നു എന്നു മാത്രം.

3 റക്കഅത്ത് വിത്ർ ഉൾപ്പടെ 23 റക്കഅത്ത് ഉള്ള തറാവീഹ് നമസ്കാരം നമ്മുടെ പ്രിയങ്കരരായ തിരുനബി (സ)യുടെ ചര്യയല്ല. ഈ 23 റക്കഅത്ത് നമസ്കാരം വന്നതിനു പിന്നിലെ ചരിത്രമിപ്രകാരം ആണെന്ന് കാണുന്നു. ഖലീഫ ഉമർ (റ) ന്റെ കാലഘട്ടത്തിലെ ഒരു റമദാനിലെ രാത്രിയിൽ പള്ളിയിൽ കൂടിയുരുന്ന ആളുകൾ കളിതമാശകളിലും, കൊച്ചുവർത്തമാനങ്ങളിലും മുഴുകിയിരുന്നത് കാണാനിടയായ ഖലീഫ ഉമർ(റ) കൂട്ട

ത്തിൽ ഖുർ ആൻ ഹാഫീസ് ആയ ഒരാളോട്, ജമാ അത്തായി 20 റക്കഅത്ത് സുന്നത്ത് നമസ്കാരം നടത്തുന്നതിന് നേതൃത്വം നല്കുവാൻ ആവശ്യപ്പെട്ടു. റമദാനിലെ തറാവീഹ് നമസ്കാരത്തിൽ ഖുർആൻ പൂർണ്ണമായി ഓതാൻ അവസരമുണ്ടാകട്ടെ എന്ന ഉദ്ദേശ്യത്തോടെയായിരുന്നു ഈ നിർദ്ദേശം. അന്നു മുതലാണ് 23 റക് അത്ത് തറാവീഹ് നമസ്കാരം ഒരു രീതിയായി തുടർന്നത്. എങ്കിലും മുമ്പ് തിരുനബി (സ)യുടെ കാലത്ത് സഹാബാക്കൾ ഈ രീതി പിന്തുടർന്നിരുന്നില്ല.

എന്റെ പ്രിയ സഹോദരിമാരെ, സഹോദരന്മാരെ, കുഞ്ഞുങ്ങളെ, റമദാനിൽ നമുക്കു വീണുകിട്ടിയിരിക്കുന്ന ഈ സുവർണ്ണാവസരം പ്രയോജനപ്പെടുത്തുന്നതിൽ ഒരലംഭാവവും കാട്ടാതിരിക്കാം. അല്ലാഹുവിന്റെ ഈ മാസത്തിൽ ദിക്റുകളും, സ്വലാത്തും, ഫർളും നഫ്‌ലുമായ നമസ്കാരങ്ങളും, ഖുർആൻ തിലാവത്തും ഒക്കെയായി അനുഗ്രഹങ്ങളെ കൈപ്പിടിയിൽ ഒതുക്കുവാൻ നമുക്ക് ആത്മാർത്ഥമായി ശ്രമിക്കാം. പ്രാർത്ഥനകൾ എന്നത് ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം ആ വ്യക്തിയുടെ സമീപത്തായി ഉള്ള മാധുര്യമേറും ജലമൊഴുകുന്ന ഒരു അരുവിയെ പോലെയാണ്. എപ്പോഴൊക്കെ ദാഹമനുഭവപ്പെടുന്നോ, അപ്പോഴൊക്കെ അദ്ദേഹത്തിന് ആ അരുവിയിൽ നിന്ന് ദാഹശമനം വരുത്താവുന്നതാണ്. വെള്ളമില്ലാതെ മത്സ്യത്തിനു ജീവിക്കാനാവാത്തതുപലെ, പ്രാർത്ഥനയാകുന്ന ജലമില്ലാതെ വിശ്വാസിക്കും നിലനില്പ്പില്ല. പ്രാർത്ഥനകൊണ്ടുള്ള മഹത്തായ നേട്ടം, പ്രാർത്ഥനയിലൂടെ ഒരു വ്യക്തിക്ക് അല്ലാഹുവുമായി അടുക്കുവാനും, അല്ലാഹുവിനെ അവനിലേക്ക് ആകർഷിക്കുവാനും സാധിക്കുന്നു എന്നതാണ്. ഒരു വിശ്വാസിയുടെ പ്രാർത്ഥന അങ്ങേയറ്റം ആത്മാർത്ഥതയാലും ഭൗതീക കാര്യങ്ങളിൽ നിന്നുള്ള അകൽച്ചയാലും നിറഞ്ഞ ഒന്നായി മാറുമ്പോൾ, അത്തരം വിശ്വാസികളുടെ നേരെ അല്ലാഹു അവന്റെ കാരുണ്യത്തിന്റെ ചിറകുകൾ, താഴ്ത്തിക്കൊടുക്കുകയും, അവന്റെ സംരക്ഷകനും, പരിപാലകനും ആയി മാറുകയും ചെയ്യുന്നു. നാം ആഗ്രഹിക്കുന്ന ഏതു ലക്ഷ്യവും സഫലമാകുന്നത് പ്രാർത്ഥനയിലൂടെ മാത്രമാണ്. അത്രത്തോളമാണ് പ്രാർത്ഥനയുടെ ശക്തി. പ്രാർത്ഥനയെന്നത് അത്ഭുതാവഹമായ ഒന്നത്രേ. പക്ഷെ, ഖേദകരമെന്നു പറയട്ടെ പ്രാർത്ഥനയ്ക്കായി അപേക്ഷിക്കുന്നവരിൽ പലർക്കും അതിന്റെ അടിസ്ഥാന നിയമങ്ങളെക്കുറിച്ച് ഗ്രാഹ്യമില്ലാത്തവരത്രെ. അതുമാത്രവുമല്ല, ഈ ആധുനിക കാലഘട്ടത്തിൽ പ്രാർത്ഥനയിലേർപ്പെടുന്നവരിലേറെ പേർക്കും പ്രാർത്ഥന സ്വീകാര്യതയ്ക്കുള്ള മാർഗ്ഗങ്ങളുമായി ഒരു പരിചയവും ഇല്ല. പ്രാർത്ഥനാ സ്വീകാര്യതയ്ക്കുള്ള മാർഗ്ഗങ്ങളിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നവയാണ്. പ്രാർത്ഥനയിലേർപ്പെടുന്ന ഓരോ വ്യക്തിയുടെ ഹൃദയം അലിഞ്ഞ്, ആ വ്യക്തിയുടെ ആത്മാവ് ഒഴുക്കുവെള്ളം പോലെ ഒഴുകി, അല്ലാഹുവിന്റെ തൃപ്പാദങ്ങളിലേക്ക് പതിക്കണം. അങ്ങനെയുള്ള വേളകളിൽ ആ വ്യക്തിയുടെ ഹൃദയം അല്ലാഹുവിനോടുള്ള സ്നേഹവായ്പിനാലും, ഉള്ളിൽ തട്ടിയുള്ള സങ്കടത്താലും നിറഞ്ഞൊഴുകുന്ന ഒന്നായിരിക്കും. അതുപോലെ തന്നെ പ്രാർത്ഥന നടത്തിയ ആൾ പ്രാർത്ഥന കഴിഞ്ഞ ഉടൻതന്നെ ഫലം കിട്ടണമെന്ന് ആശിച്ച് അക്ഷമനാകുവാനും പാടില്ല. ക്ഷമയോടെയും, സമർപ്പണമനോഭത്തോടെയും, സ്ഥിരചിത്തനായി വേണം പ്രാർത്ഥനയിലേർപ്പെടുവാൻ അങ്ങനെ ആവുമ്പോൾ മാത്രമേ തന്റെ പ്രാർത്ഥനയ്ക്കുത്തരം കിട്ടൂ എന്ന് ഒരാൾക്ക് പ്രതീക്ഷിക്കാനാവുകയുള്ളൂ.

നേരമേറെയായി എങ്കിലും സൂറത്ത് അൽ ഖദ്ർ ന്റെ വിശദീകരണം പൂർത്തിയാക്കുവാൻ എനിക്കിന്ന് സാധിച്ചില്ല. ഇൻശാ അല്ലാഹ് അടുത്ത ആഴ്ച ഈ സൂറത്ത് സംബന്ധച്ച വിശദീകരണങ്ങൾ നല്കുന്നതാണ്. ആമീൻ.

**Issued by** **Translated by**

R. Jamaludin Raother
Amir

Fauzia Jamal

**Jamaat-Ul-Sahih-Al-Islam, Kerala. Reg. No. A693 Ph: 9447001832, 0475 2220223**
Email: jamal.raother@gmail.com, Web: www.jamaat-ul-sahih-al-islam.com